"ഭരണഭാഷ മാതൃഭാഷ"

**കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകര്യാലയത്തിലെ അറ്റൻഡർ ശ്രീമതി മിനി.ടി യെ ബൈ ട്രാൻസ്ഫർ അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച് .

ഉത്തരവ് നമ്പർ:C3/36918/2021/DCEതിരുവനന്തപുരം തീയതി:24.01.2022

*പരാമർശം:*-1) 08.05.2017 ലെ സി4/18758/18/കോ.വി.വ നം ഉത്തരവ് .
2)11.10.2021 ലെ ശ്രീമതി. മിനി ടി യുടെ അപേക്ഷ .
3)30.12.2021 ലെ എഫ് /179/2021/ഉ.വി.വ നം സർക്കാർ കത്ത് .

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 30.11.2014 വരെ നിയമനം ലഭിച്ച യോഗ്യരായ താഴ്ന്ന തസ്തികയിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 10% പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു . കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകര്യാലയത്തിലെ അറ്റൻഡർ ശ്രീമതി. മിനി ടി പ്രസ്തുത പട്ടിക നിലവിൽ വരുമ്പോൾ മലയാളം ടൈപ്പ് റൈറ്റിങ് യോഗ്യത നേടിയിരുന്നില്ല. എന്നാൽ 20.07.2017 - ൽ ടിയാൾക്ക് യോഗ്യത ലഭിച്ചു. ആയതിനാൽ 24.11.2005 ൽ സർവീസിൽ പ്രവേശിച്ച ടിയാളെ (നിയമന ശിപാർശ തിയതി 17.10.2005) എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 10% പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സൂചന (2) പ്രകാരം അപേക്ഷിച്ചിരിരുന്നു . ടി അപേക്ഷ പരിശോധിച്ചതിൽ നിന്നും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടികയിൽ ശ്രീമതി മിനി ടി യെ ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ മുൻഗണന ക്രമമനുസരിച്ച് ക്രമ നമ്പർ 7 നും 8 നും ഇടയിൽ ഉൾപ്പെടുത്തുന്നതിന് അർഹതയുണ്ട് എന്ന് കണ്ടെത്തി. ഒരിക്കൽ അന്തിമരൂപം നൽകിയ മുൻഗണന പട്ടികയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി അവശ്യമായതിനാൽ ശ്രീമതി മിനി ടി യെ ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ മുൻഗണന ക്രമമനുസരിച്ച് ക്രമ നമ്പർ 7 നും 8 നും ഇടയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി ആവശ്യപ്പെടുകയും സൂചന (3) പ്രകാരം സർക്കാർ അനുമതി ലഭ്യമാകുകയും ചെയ്തു. മേൽ സാഹചര്യത്തിൽ സൂചന (1) ഉത്തരവ് പ്രകാരമുള്ള താഴ്ന്ന തസ്തികയിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 10% പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടികയിൽ ശ്രീമതി മിനി ടി യെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ മുൻഗണന ക്രമമനുസരിച്ച് ക്രമ നമ്പർ 7 നും ക്രമ നമ്പർ 8 നും ഇടയിൽ 7 (എ) ആയി താൽകാലികമായി ഉൾപെടുത്തി ഉത്തരവാകുന്നു. ടി തിരുമാനത്തിൽ തടസ്സവാദം മുള്ള പക്ഷം ആയത് തെളിയിക്കുന്ന രേഖകൾ സഹിതം 10 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

Approval Valid

Digitally Approved By
സിജു ജേക്കബ്
Date: 24.01.2022
Reason: Approved

Sd/-
സിജു ജേക്കബ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

പകർപ്പ്,

1)കരുതൽ ഫയൽ/നടപ്പ് ഫയൽ

2)ശ്രീമതി മിനി ടി , അറ്റൻഡർ